പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2799

12.03.2018-ൽ മറുപടിക്ക്

## മത്സ്യബന്ധന ബോട്ടുകളുടെ മണ്ണെണ്ണ സബ്സിഡി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അബ്ദുൽ ഹമീദ് പി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധന ബോട്ടുകൾക്ക് നൽകിയിരുന്ന മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നൽകി വരുന്ന മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയിട്ടില്ല സർക്കാർ നൽകുന്ന തുക ഉപയോഗിച്ച് കേരളത്തിലെ മത്സ്യഫെഡിന്റെ 13 ബങ്കുകൾ മണ്ണെണ്ണ വിതരണം നടത്തി വരുന്നു സബ്സിഡി തുകയായി ലിറ്റർ ഒന്നിന് 25/- രൂപ നിരക്കിൽ നിശ്ചിത അളവിന് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ആയി അനുവദിച്ചു വരുന്നു ഈ സാമ്പത്തിക വർഷം 35 കോടി രൂപ സബ്സിഡി ഇനത്തിൽ വെള്ള മണ്ണെണ്ണക്കായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ നൽകുന്ന മണ്ണെണ്ണയുടെ പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ നൽകുന്ന മണ്ണെണ്ണയുടെ പരിധി ഉയർത്തുന്നത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ